


Vol. 2, Issue No. 4 | **JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE** | **MARCH 2016**

## *Editor's Desk*

കാലം പ്രത്യാശയുടെ പ്രവാചകനാണ്. പ്രത്യാശയുടെ തേരിലേറിയാണ് കാലം മുന്നോട്ട് കുതിക്കുക. സൂര്യനുദിക്കുമെന്ന പ്രത്യാശയുടെ പൂർത്തീകരണമാണ് ഓരോ പ്രഭാതവും. വേനലിന്റെ പ്രത്യാശയാണ് ഓരോ വർഷത്തിന്റെയും കുളിർമ. ഇങ്ങനെ പ്രകൃതിയിലുടനീളം പ്രത്യാശയുടെ ഒരു ശൃംഖല തന്നെ നമുക്ക് കാണാം.

പ്രകൃതിയുടെ നാഥനായ ക്രിസ്തുവിന്റെ ഉത്ഥാനം പ്രത്യാശയുടെ ചരിത്രവിജയമാണ്. പ്രകൃതിയിലെ പരമസൃഷ്ടിയായ മനുഷ്യരും പ്രത്യാശയുടെ മാലാഖമാരാണ്. ഒരേ സമയം പ്രത്യാശിക്കുകയും, മറ്റുള്ളവർക്ക് പ്രത്യാശ നൽകുകയും ചെയ്യേണ്ടവർ. പാതയോരത്തെ തണൽ മരങ്ങൾ പോലെ ജീവിതത്തിന് സമാധാനവും ഊർജ്ജസ്വലതയും നൽകുന്നതാണ് പ്രത്യാശ.

പ്രത്യാശയുടെ തണൽ മരങ്ങളായി, മാലാഖമാരായി മാറാനുള്ള വലിയ ആഹ്വാനമാണ് ഈസ്റ്റർ നമുക്ക് നല്കുക. പ്രത്യാശ പകരുന്ന ഒരു ചിന്തയോ, വാക്കോ, പ്രവൃത്തിയോ അപരന് നല്കാനായാൽ ഈസ്റ്റർ എന്റെയും നിന്റെയും ജീവിതത്തിൽ പുനരാവിഷ്കരിക്കപ്പെടും.

ഭാഗ്യസ്മരണാർഹനായ ജോൺപോൾ മാർപ്പാപ്പ പറയുക, "Do not abandon yourselves to despair; we are the Easter People and Halellujah is our song" എന്നാണ്. ജീവിതപന്ഥാവിൽ നമ്മെ പിന്നോട്ട് വലിക്കാവുന്ന നിരാശയുടെ നിമിഷങ്ങളിൽ പ്രത്യാശയുടെ തണൽ മരമായ ക്രിസ്തുവിന്റെ ഉത്ഥാനം നവജീവിതത്തിലേക്ക് നമ്മെ ഉണർത്തട്ടെ.

ഉയിർപ്പ് തിരുന്നാൾ മംഗളങ്ങൾ ഏവർക്കും നേരുന്നു.

**ഫാ. സിജോ ചെറുവത്തൂർ**
*എഡിറ്റർ*



## സ്വാഗതം

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ പുതിയ പ്രിൻസിപ്പലായി ചാർജ്ജെടുത്ത ഡോ. പ്രവീൺലാൽ കുറ്റിച്ചിറയ്ക്ക് ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം


**JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE**

# സൗജന്യ മെഡിക്കൽ ക്യാമ്പ്

**മാർച്ച് 7 മുതൽ 27 വരെ**
( ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ )

**സ്ഥലം: അതത് ഒ.പി.കളിൽ**
സമയം: ഉച്ചക്ക് 1 മണി മുതൽ 3 മണി വരെ

സർജറി
ഒഫ്ത്താൽമോളജി (കണ്ണ്)
ഇ.എൻ.ടി.
ഓർത്തോപീഡിക്സ് (എല്ല് വിഭാഗം)

**തുടർചികിത്സയുടെ ഭാഗമായി ശസ്ത്രക്രിയ ആവശ്യമുള്ളവർക്ക് ശസ്ത്രക്രിയയുടെ 20ശതമാനം ഇളവ്**





ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ ഒമ്പതാം ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് മാർ ആൻഡ്രൂസ് മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്തു. കോയമ്പത്തൂർ കാരുണ്യ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. ജെയിംസ് എരിഞ്ഞേരി, ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, വൈസ് പ്രിൻസിപ്പൽ ഡോ. സുശീല ജേക്കബ് ഇന്ന എന്നിവർ പങ്കെടുത്തു.

ആതുരശുശ്രൂഷകർ കാരുണ്യത്തിന്റെ മാലാഖമാരാകണമെന്നും മനുഷ്യനെ വസ്തുവായി ഒരിക്കലും കാണരുതെന്നും മാർ ആൻഡ്രൂസ് താഴത്ത് മെത്രാപോലീത്ത പ്രസംഗത്തിൽ പറഞ്ഞു.

## ദേശീയ ആയുർവ്വേദ സെമിനാർ നടത്തി



ഓൾ ഇന്ത്യ ആയുർവ്വേദ സൈക്യാട്രി അസോസിയേഷനും ജൂബിലി മിഷൻ ആയുർവ്വേദ ആശുപത്രിയും സംയുക്തമായി, ഓട്ടിസത്തെക്കുറിച്ചും പഠനവൈകല്യത്തെ കുറിച്ചുമുള്ള ദേശീയ സെമിനാർ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലുള്ള സി.സി.എം. ഹാളിൽ വെച്ചു നടത്തി. ദേശീയ സെമിനാറിന്റെ ഉദ്ഘാടനവും, മുഖ്യപ്രഭാഷണവും, ജൂബിലി ആയുർവ്വേദയിൽ ഓട്ടിസം ഒ.പി.യുടെ ഉദ്ഘാടനവും, കോട്ടയ്ക്കൽ ആയുർ വ്വേദ കോളേജ് പ്രിൻസിപ്പാൾ ഡോ. ഈശ്വര ശർമ്മ നിർവ്വഹിച്ചു.

## ആശംസകൾ



2015ലെ ഏറ്റവും നല്ല മെഡിക്കൽ പ്രസിദ്ധീകരണത്തിനുള്ള IMA അവർഡിന് മെഡിസിൻ വിഭാഗം പ്രൊഫസർ ഡോ. പി. ബാബുരാജ് അർഹനായി. ഡെങ്കിപ്പനിയെക്കുറിച്ചുള്ള പ്രസിദ്ധീകരണമാണ് അദ്ദേഹത്തിന് അവാർഡ് നേടികൊടുത്തത്. 2013-ൽ റിക്കറ്റ്സിയൽ ഫീവറിനെക്കുറിച്ചുള്ള പ്രസിദ്ധീകരണത്തിനും, 2011-ൽ $H_1N_1$ (പന്നിപനി)-നെ കുറിച്ചുള്ള പ്രസിദ്ധീകരണത്തിനും ഇദ്ദേഹത്തിന് IMA അവർഡ് ലഭിച്ചിരുന്നു.



ഗൈനക്കോളജി വിഭാഗത്തിലെ അസോ. പ്രൊഫ. ഡോ. അശ്വത്ത് കുമാർ ആർ. കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ഏന്റ് ഗൈനക്കോളജിയുടെ 2017-ലെ വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

## വിരമിച്ചു



ആനി ഫ്രാൻസിസ്

ജൂബിലി മിഷൻ ആശുപത്രിയിലെ 19 വർഷത്തെ നിസ്വാർത്ഥ സേവനത്തിനു ശേഷം ആനിചേച്ചി ജൂബിലി കുടുംബത്തോട് വിടപറയുകയാണ്. ലാബ്, മൈക്രോബയോളജി ഡിപ്പാർട്ട്മെന്റ്, സെന്റ് തോമസ് ബ്ലോക്കിലെ വിവിധ വാർഡുകൾ, ഓൾഡ് ബ്ലോക്കിലെ വാർഡുകൾ ഇവിടെയെല്ലാം ആനിചേച്ചിയുടെ സേവനം നമുക്ക് ലഭിച്ചിട്ടുണ്ട്. ഇനിയുള്ള ജീവിതത്തിൽ ആരോഗ്യവും ഈശ്വരാനുഗ്രഹവും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.



വർഗ്ഗീസ് കെ.കെ.

21 വർഷക്കാലം ജൂബിലിയിൽ സെക്യൂരിറ്റി വിഭാഗത്തിൽ സേവനമനുഷ്ഠിച്ച്, ചെറിയ കാര്യങ്ങൾ പോലും വിശ്വസ്തതയോടെ നിറവേറ്റുവാൻ ശ്രദ്ധിച്ച വ്യക്തിയാണ് ശ്രീ വർഗ്ഗീസ്. ജൂബിലിയിൽ നിന്ന് വിരമിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന് എല്ലാ മംഗളങ്ങളും നേരുന്നു.

## ആയുർവ്വേദം കാലാതീതം-2

**ഡോ. അനുമോദ് കാക്കശ്ശേരി എം.ഡി** (ആയുർവ്വേദം)
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

രോഗത്തെ ചികിത്സിക്കുന്നതിനേക്കാളും രോഗം വരാതിരിക്കുന്നതിലാണ് ആയുർവ്വേദം കൂടുതലായി ശ്രദ്ധിക്കുന്നത്. അതുകൊണ്ട് തന്നെ മിക്ക ആയുർവ്വേദ ഗ്രന്ഥങ്ങളും ആരംഭിക്കുന്നതു തന്നെ ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങളെ കുറിച്ച് പ്രതിപാദിച്ച് കൊണ്ടും (ദിനചര്യ), ഓരോ കാലഘട്ടത്തിലും അനുവർത്തിക്കേണ്ട ജീവിതക്രമത്തെ കുറിച്ചുമാണ് (ഋതുചര്യ). കൃത്യമായ ദിനചര്യയും ഋതുചര്യയും ഉണ്ടെങ്കിൽ നമുക്ക് മിക്കരോഗങ്ങളേയും ചെറുക്കാൻ സാധിക്കും. ദിനചര്യ പൂർണ്ണമായും വിവരിക്കാൻ ഇവിടെ സാധ്യമല്ല. എങ്കിലും, ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെ കുറിച്ച് വിവരിക്കാം. ദിനചര്യയിൽ ഏറ്റവും പ്രധാനപ്പെട്ടകാര്യം സമയത്തിന് ഭക്ഷണം കഴിക്കുക എന്നുള്ളതാണ്. മിക്ക രോഗങ്ങളുടേയും അടിസ്ഥാന കാരണം അന്വേഷിച്ചാൽ കാണുന്ന കാര്യം കൃത്യസമയത്ത് ഭക്ഷണം കഴിക്കുന്നില്ല എന്നതാണ്. പ്രഭാതഭക്ഷണം കഴിക്കാതിരിക്കുകയോ വൈകുകയോ ചെയ്യുന്നവരിൽ പ്രമേഹം, അമിതമായ കൊളസ്ട്രോൾ, ഹൃദ്രോഗം എന്നിവ ഇരട്ടിയായി വർദ്ധിക്കാമെന്നുള്ള കണ്ടെത്തലുകൾ ഈയടുത്ത് ഗവേഷണങ്ങളിൽ തെളിഞ്ഞിരുന്നു. കൃത്യമായ സമയത്ത് കൃത്യമായ ഭക്ഷണം കഴിക്കാതിരിക്കുക എന്നുള്ളതാണ് എല്ലാ രോഗങ്ങളുടേയും മാതാവ് എന്ന് വിളിക്കാം. എല്ല് തേയ്മാനം മുതൽ കിഡ്നി രോഗങ്ങൾക്ക് വരെ ആഹാരസമയത്തിലെ വ്യതിയാനം കാരണമായിത്തീരാം എന്ന് ആയുർവ്വേദം അനുശാസിക്കുന്നു. സ്നാനം (കുളി) എല്ലായ്പ്പോഴും ഭക്ഷണത്തിന് മുമ്പേ ആകണം. 'ഉണ്ടിട്ട് കുളിക്കുന്നവനെ കണ്ടാൽ കുളിക്കണം' എന്നൊരു ചൊല്ല് നമ്മുടെയിടയിൽ തന്നെയുണ്ട്. അതിരാവിലെ ഉണരുകയും രാത്രി കൃത്യസമയത്ത് കിടന്നുറങ്ങുകയും വേണം. ഇത്തരത്തിൽ നിരവധി കാര്യങ്ങൾ ദിവസവും ശ്രദ്ധിക്കാനുണ്ട്. എങ്കിലും കൃത്യസമയത്ത് ഭക്ഷണം കഴിക്കണം എന്നുള്ള ഒരുകാര്യം നാം ശ്രദ്ധിച്ചാൽ തന്നെ നിരവധി രോഗങ്ങൾ നമുക്ക് തടയാൻ സാധിക്കും.

## WELCOME TO JUBILEE FAMILY

| Sl No. | Name | Department | Sl No. | Name | Department |
|---|---|---|---|---|---|
| 1 | BLESSY SEBASTIAN | Nursing | 28 | ANJU ANTONY | Auxilary Nursing |
| 2 | DANISH DAVIS | Nursing | 29 | DIVYA T C | Auxilary Nursing |
| 3 | ESSYMOL ELDHO | Nursing | 30 | JINSON JOSE | C.S.S.Department |
| 4 | FEGY VARGHESE | Nursing | 31 | SUMESH V M | C.S.S.Department |
| 5 | FIJO V R | Nursing | 32 | FRANCY JOY | Counter |
| 6 | JIJI E S | Nursing | 33 | GREESHMA E MOHAN | Insurance Office |
| 7 | JISHMA GEORGE | Nursing | 34 | IVAN GIFTY | Patient Relation Office |
| 9 | LIMA P R | Nursing | 35 | RISHA VINOD | Radiology |
| 10 | LINI BABY | Nursing | 36 | SOORAJ M J | Radiology |
| 11 | NEETHU JOSE | Nursing | 37 | AGNES JOSE K J | Pharmacy |
| 12 | NEETHU VARGHESE | Nursing | 38 | ANCY MOL ANTONY | Pharmacy |
| 13 | NIGITHA JOY | Nursing | 39 | CHRISTEEN SREEKUMAR | Pharmacy |
| 14 | NIJIN LAL K M | Nursing | 40 | DHANALAKSHMI V S | Pharmacy |
| 15 | NIMMY T SUNNY | Nursing | 41 | ESSY P V | Pharmacy |
| 16 | PREMI PETER | Nursing | 42 | JOVIA JOY | Pharmacy |
| 17 | RESMI VARGHESE | Nursing | 43 | NEENU PAUL | Pharmacy |
| 18 | RIYA ANTO E | Nursing | 44 | SANA RAPHEL | Pharmacy |
| 19 | SHEETHAL LOUIS | Nursing | 45 | SINI SUNNY | Pharmacy |
| 20 | SHIBI JACOB | Nursing | 46 | SONY JOSE | Pharmacy |
| 21 | SOUMYA JOSE | Nursing | 47 | SRUTHI SURENDRAN | Pharmacy |
| 22 | SOUMYA THOMAS | Nursing | 48 | SRUTHY V J | Pharmacy |
| 23 | SUMI M S | Nursing | 49 | VINNY VARGHESE | Pharmacy |
| 24 | VINEESHA VARGHESE | Nursing | 50 | SELDA MARY JOY | Pharmacy |
| 25 | EDWIN K REJI | Electrical Maintenance | 51 | VARSHA P R | Pharmacy |
| | | Department | 52 | DIMPLE BENNY | Counselling |
| 26 | JUSTIN C A | Electrical Maintenance | 53 | MEJO JOSE | Counselling |
| | | Department | 54 | MINU DEVASSY | Counselling |
| 27 | JOJI A G | Ayurveda | | | |

## ചെറുപയർ – ഗോതമ്പ് ലഡു

കലോറി: 432 kcal - പ്രോട്ടീൻ: 13 ഗ്രാം

ചേരുവകകൾ:

| | | |
|---|---|---|
| ഗോതമ്പ് | : | 50 ഗ്രാം |
| ചെറുപയർ | : | 30 ഗ്രാം |
| ശർക്കര | : | 30 ഗ്രാം |
| വെള്ളം | : | ആവശ്യത്തിന് |
| നെയ്യ് | : | 5 ഗ്രാം |

തയ്യാറാക്കുന്ന വിധം :

ഗോതമ്പും ചെറുപയറും കൂടി വറുത്തു തരിതരി ആയി പൊടിച്ചെടുക്കുക. ശർക്കര ഉരുക്കി പാനിയാക്കുക. ഈ ശർക്കരപ്പാനിയിൽ ഗോതമ്പും ചെറുപയർപ്പൊടിയും ചേർത്ത് നല്ല പോലെ ചെറുതീയിൽ ഇളക്കി യോജിപ്പിക്കുക. കുറച്ച് നെയ്യ് ചേർക്കുക. പാത്രത്തിൽ നിന്നും വിട്ടു പോകാറാകുമ്പോൾ തീ അണച്ച് ഇളം ചൂടോടെ ചെറിയ ഉരുളകളാക്കുക.

Ms. Seethal K.C., Dietitian

### സമ്മാനാർഹമായ അടിക്കുറിപ്പ്

**"ആരടാ എന്റെ അമ്മയുടെ ഫോട്ടോ എടുക്കുന്നത്?!"**

അടിക്കുറിപ്പ് മത്സരവിജയി

Ms. Biji K. S. (N.S. Office Staff)



### അടിക്കുറിപ്പ് മത്സരം



..................................................................

..................................................................

..................................................................

..................................................................

പേര് ..........................................................

..................................................................

## ആയിഷകുട്ടിക്ക് ഇനി മൂന്ന് നേരം ഭക്ഷണം കഴിക്കാം

ചാവക്കാട് സ്വദേശി ആയിഷകുട്ടിക്ക് അഞ്ച് വർഷക്കാലമായി ദിവസത്തിൽ ഒരു നേരം മാത്രം ഭക്ഷണം കഴിക്കാൻ സാധിച്ചിരുന്നുള്ളൂ. ദിവസത്തിൽ മൂന്ന് നേരം ഭക്ഷണം കഴിച്ചാൽ വയറുവേദനയും അസ്വസ്ഥതയുമായിരുന്നു. ജൂബിലിയിലെ ജനറൽ സർജറി വിഭാഗത്തിലെ ഡോക്ടർമാരാണ്, ഇത് രക്തധമനികളിലെ കുഴപ്പമാണെന്ന് കണ്ടുപിടിച്ചത്. രക്തധമനി തുറക്കാനുള്ള ആൻജിയോപ്ലാസ്റ്റി ചികിത്സ പരാജയപ്പെട്ട ഘട്ടത്തിലാണ് അപൂർവ്വമായി നടത്താറുള്ള ചെറുകുടലിലെ രക്തധമനികളുടെ ബൈപാസ് ശസ്ത്രക്രിയയ്ക്ക് കുടുംബാംഗങ്ങൾ സമ്മതിച്ചത്. ഈ സാഹചര്യത്തിൽ ഡോ. സുരേഷും, ഡോ. വിനീത്കുമാറും വളരെ കുറഞ്ഞ ചിലവിൽ ചെറുകുടലിലെ രക്തധമനികളുടെ ബൈപാസ് സർജറി ചെയ്തു. എട്ടു മണിക്കൂർ നീണ്ട ശസ്ത്രക്രിയയ്ക്ക് ഡോ. സുരേഷ്, ഡോ. വിനീത്കുമാർ, ഡോ. മറിയം, ഡോ. റാം കേശവ്, സി.ജിയന്ന, സ്റ്റാഫ് നേഴ്സ് ജീന, നിമ്മി എന്നിവർ നേതൃത്വം നൽകി.


2016 ഫ്രാൻസിസ് മാർപ്പാപ്പ കാരുണ്യവർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ മാർച്ച് 7 മുതൽ 27 വരെ ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുന്നതാണ്. സർജറി, ഓർത്തോപീഡിക്സ് (എല്ല് വിഭാഗം), ഒഫ്ത്താൽമോളജി (കണ്ണ്), ഇ.എൻ.ടി. എന്നീ വിഭാഗങ്ങളിൽ ഉച്ചക്ക് 1 മണി മുതൽ 3 മണിവരെയാണ് ക്യാമ്പ് നടക്കുന്നത്. തുടർചികിത്സയുടെ ഭാഗമായി ശസ്ത്രക്രിയ ആവശ്യമുള്ളവർക്ക് ശസ്ത്രക്രിയയുടെ 20 ശതമാനം ഇളവ് നൽകുന്നതാണെന്ന് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു.

## പ്രൊഫ. എം. എൽ. ദത്തൻ മെമ്മോറിയൽ സി.എം.ഇ.




രണ്ടാമത് പ്രൊഫ. എം. എൽ. ദത്തൻ മെമ്മോറിയൽ സി.എം.ഇ. പ്രോഗ്രാം ജൂബിലി മിഷൻ മെഡി ക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു. ശസ്ത്രക്രിയയ്ക്ക് മുമ്പും, ശസ്ത്രക്രിയാ സമയത്തും, അതിനുശേഷവും രോഗികൾക്കു നൽകേണ്ട പ്രത്യേക ശ്രദ്ധയെകുറിച്ച് നടന്ന സി.എം.ഇ. ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. പ്രൊഫ. എം. എൽ ദത്തന്റെ ഭാര്യ ഡോ. സുധാ ദത്തൻ ഭദ്രദീപം തെളിയിച്ചു. ഡോ. അശോക് നൈനാൻ ഉമ്മൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ ഡോ. അലക്സ് ജോസഫ്, ഡോ. എം. വി. സുരേഷ്, എന്നിവർ ആശംസകൾ അർപ്പിച്ചു. മുൻ എ.എസ്.ഐ. പ്രസിഡണ്ട് ഡോ. സന്തോഷ് ജോൺ എബ്രഹാം, ഗോകുലം മെഡിക്കൽ കോളേജിൽ നിന്നും ഡോ. ദയാനന്ദ ബാബു, ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും ഡോ. എസ്. സുനിൽ, ഡോ. പി. കെ. മോഹൻ, പി.വി. എസ്. ആശുപത്രിയിൽ നിന്നും ഡോ. മാത്യു ഫിലിപ്പ്, സൺറൈസ് ആശുപത്രിയിൽ നിന്നും ഡോ. രാജീവ് ജയദേവൻ, അമല മെഡിക്കൽ കോളേജിൽ നിന്നും ഡോ. ജോ ജോൺ ചിറയത്ത് ജൂബിലി മിഷൻ ആശുപത്രിയിൽ നിന്നും ഡോ. ഗോവിന്ദനുണ്ണി, ഡോ. സുനിൽ കെ. മേനോൻ എന്നിവർ ക്ലാസുകൾ നയിച്ചു. ഡോ. സന്തോഷ് എം. പി. നന്ദി പറഞ്ഞു.

## സ്വാഗതം



ജനറൽ സർജറിവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ചാർജ്ജെടുത്ത ഡോ. ദിൽബർ പരീദിന് ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.



അടിക്കുറിപ്പ് മത്സര വിജയി അമൽനാഥിന് സമ്മാനം നൽകുന്നു

### ജേർണൽ ക്ലബ്ബിന്റെ ഉദ്ഘാടനം നടന്നു

ജൂബിലി മിഷൻ റിസർച്ച് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ജേർണൽ ക്ലബ്ബിന്റെ ഔപചാരികമായ ഉദ്ഘാടനം ഫെബ്രുവരി 9-ന് ഉച്ചയ്ക്ക് 12 മണിക്ക് സി. സി. എം. ഹാളിൽ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു. റിസർച്ച് വിഭാഗം കോ-ഓർഡിനേറ്റർ പ്രൊഫ. പി. ആർ വർഗ്ഗീസിന്റെ സ്വാഗതപ്രസംഗത്തെത്തുടർന്ന് റിസർച്ച് ഡയറക്ടർ പ്രൊഫ. ഡി. എൻ. വാസുദേവൻ ജേർണൽ ക്ലബ്ബിന്റെ ഉദ്ദേശലക്ഷ്യങ്ങളും രീതിയും വിശദീകരിച്ചു. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ആയിരുന്ന ഡോ. അലക്സ് ജോസഫ് ആശംസാപ്രസംഗം നടത്തി. ഫോട്ടോൺ ജേർണലിന്റെ റിസർച്ച് അവാർഡ് ജോസഫ് ലിസ്റ്റർ ഇൻ ബയോകെമിസ്ട്രി നേടിയ പ്രൊഫ. പി. ടി. അണ്ണാമലൈയെ ചടങ്ങിൽ അനുമോദിക്കുകയും മാനേജ്മെന്റിന്റെ ഉപഹാരം സമർപ്പിക്കുകയും ഉണ്ടായി. ഡോ. പി. ടി ഉല്ലാസിന്റെ നന്ദിപ്രസംഗത്തെ തുടർന്ന് അവാർഡിനർഹമായ ഗവേഷണ പ്രബന്ധം പ്രൊഫ. അണ്ണാമലൈ സദസ്സിനുമുമ്പിൽ വിശദീകരിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് , വൈസ് പ്രിൻസിപ്പാൾ ഡോ. സുശീല ജേക്കബ് ഇന്ന, വിവിധ വകുപ്പുമേധാവികൾ, പി. ജി. വിദ്യാർത്ഥികൾ, സ്റ്റാഫ് പ്രതിനിധികൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ച 12 മണിക്ക് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ജേർണൽ ക്ലബ് യോഗങ്ങളിൽ സജീവപങ്കാളിത്തം വഹിക്കുവാൻ എല്ലാ അധ്യാപക - വിദ്യാർത്ഥി-സ്റ്റാഫ് സുഹൃത്തുക്കളോടും അഭ്യർത്ഥിച്ചു കൊണ്ട് ക്ലബ്ബിന്റെ ആദ്യ യോഗം അവസാനിച്ചു.


## അഭിനന്ദനങ്ങൾ

ലോക COPD ദിനത്തോടനുബന്ധിച്ച് നടന്ന സംസ്ഥാനതല ക്വിസ് മത്സരത്തിൽ 9-ാം ബാച്ച് മെഡിക്കൽ വിദ്യാർത്ഥിനികളായ സ്നേഹ സൂസൻ വർഗ്ഗീസും, ടിസ ജോണും രണ്ടാം സ്ഥാനം നേടി.



NSIയുടെ കേരള ചാപ്റ്ററിന്റെ വാർഷിക മീറ്റിങ്ങിൽ നടന്ന പ്രബന്ധാവതരണ മത്സരത്തിൽ ഏറ്റവും നല്ല പ്രബന്ധത്തിന് മൂന്നാം സ്ഥാനം നേടിയ ന്യൂറോളജി പി. ജി. ഡോ. വർഗ്ഗീസ് എ. പല്ലന് അഭിനന്ദനങ്ങൾ.

വിഷയം: ഹെമി ക്രാനിയെക്റ്റമി ഇൻ ലാർജ് എം.സി.എ. ടെറിട്ടറി ഇൻഫാർഷൻസ്.




പീഡിയാട്രിക് വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥി ഡോ. ആനന്ദ് എം. ആനുവൽ സ്റ്റേറ്റ് നിയോനേറ്റൽ കോൺഫറൻസിൽ ഏറ്റവും നല്ല റിസേർച്ച് പേപ്പർ പ്രസന്റേഷനിൽ ഗോൾഡ് മെഡൽ നേടി.

വിഷയം: ഇഫക്റ്റ് ഓഫ് ആന്റിനേറ്റൽ മെഗ്നീഷ്യം സൽഫേറ്റ് ഓൺ ഷോർട്ട് ടേം നിയോനേറ്റൽ ഔട്ട്കം.



ഗൈനക്കോളജി വിഭാഗത്തിലെ ഡി. എൻ. ബി. വിദ്യാർത്ഥിനി ഡോ. കൃഷ്ണ ആർ. ഓൾ കേരള കോൺഗ്രസ്സ് ഓഫ് ഒബ്സ്റ്റട്രിക്സ് ഏന്റ് ഗൈനക്കോളജിയുമായി ബന്ധപ്പെട്ട് നടത്തിയ ഡോ. പുഷ്പലത മെമ്മോറിയൽ പോസ്റ്റർ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.



ഗൈനക്കോളജി വിഭാഗത്തിലെ ഡി. എൻ. ബി. വിദ്യാർത്ഥിനി ഡോ. പ്രിയദർശിനി ഓൾ കേരള കോൺഗ്രസ്സ് ഓഫ് ഒബ്സ്റ്റട്രിക്സ് ഏന്റ് ഗൈനക്കോളജിയുമായി ബന്ധപ്പെട്ട് നടത്തിയ ഡോ. കല്യാണികുട്ടിയമ്മ മെമ്മോറിയൽ പ്രബന്ധാവതരണ മത്സരത്തിൽ ഗോൾഡ് മെഡൽ നേടി.



റേഡിയോഡയഗ്നോസിസ് വിഭാഗത്തിലെ പി. ജി. വിദ്യാർത്ഥിയായ ഡോ. അശ്വിൻ വർഗ്ഗീസ് അലക്സാണ്ടർ ചെന്നൈയിലെ ശ്രീരാമചന്ദ്ര യൂണിവേഴ്സിറ്റിയിൽ നടന്ന നാഷണൽ കോൺഫറൻസ് ഇൻ അഡ്വാൻസ്ഡ് റേഡിയോളജിയിലെ പോസ്റ്റർ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി

**Editorial Board** : Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Anto Twinkle | Ms. Suma Paul | Ms. Deepa Tom | Ms. Ansa | Ms. Krishnaveni | Ms. Ricy P. J. | Ms. Raki K. V. | Ms. Jilta | Ms. Nicy Antony | Ms. Chippy | Ms. Greeshma